**ഇഹ്സാൻ**

# ഹുസൈനും ഗെരെയും മനസ്സിലാക്കാൻ

**ഹോളിവുഡ്** നടൻ റിച്ചാർഡ് ഗെരെയും ബോളിവുഡ് നടി ശിൽപാ ഷെട്ടിയും പരസ്യമായി ചുംബിച്ചതിന് ഹിന്ദുത്വ സർക്കാർ ഭരിക്കുന്ന രാജസ്ഥാനിലെ ഒരു കോടതി ഇരുവർക്കുമെതിരെ നിയമ നടപടികൾക്ക് ഉത്തരവിട്ടിരിക്കുന്നു. ശിൽപക്കെതിരെ സമൻസും ഗെരെയെ എവിടെ കണ്ടാലും അറസ്റ്റ് ചെയ്യാനുമുള്ള ഉത്തരവുമാണ് ജയ്പൂർ അഡീഷണൽ മജിസ്ട്രേറ്റ് ദിനേശ് കുമാർ ഗുപ്ത പുറപ്പെടുവിച്ചത്. പൊതുജനമധ്യേ ഇന്ത്യൻ മൂല്യങ്ങളെ താറടിച്ചുകാണിച്ചതിനാണ് കേസ്. ഗെരെയും ശിൽപാ ഷെട്ടിയും കാഴ്ചവെക്കുന്ന സാംസ്കാരിക അധഃപതനത്തെ ന്യായീകരിക്കുകയല്ല. ചുംബിക്കാൻ പാടുണ്ടോ ഇല്ലേ എന്ന വിഷയത്തെ കുറിച്ച് രാജ്യത്തെ നൂറുകണക്കിന് ഇക്കിളിപ്പത്രങ്ങളിൽ ചർച്ച പൊടിപൊടിക്കുന്നുമുണ്ട്. ഇവിടെ പ്രശ്നം മറ്റൊന്നാണ്. വർത്തമാന ഇന്ത്യൻ സിനിമയിലും ചാനലുകളിലും വാർത്താ മാധ്യമങ്ങളിലും നിറഞ്ഞുകവിയുന്ന ഈ അശ്ലീലത അവനവന്റെ കാര്യത്തിലാവാം, അന്യന്റെ കാര്യത്തിൽ അനുവദിക്കാനാവില്ലെന്ന ഈ ഹിപ്പോക്രസിയെ കുറിച്ച് എന്തേ എല്ലാവരും മൗനം പാലിക്കുന്നു?

വിഖ്യാത ചിത്രക്കാരൻ എം.എഫ്. ഹുസൈന്റെ സ്വത്തുവകകൾ കണ്ടുകെട്ടാൻ ഹരിദ്വാറിലെ ഒരു മുൻസിഫ് കോടതി ഉത്തരവിട്ടതിനു പിന്നിലുള്ളതും നിയമത്തിന്റെ ഒരുതരം ലോലമായ വ്യാഖ്യാനമാണ്. മജിസ്ട്രേറ്റുമാർ നിയമം കൈയിലെടുക്കുന്നതിന്റെ ദുരന്തമാണ് ഒരു ഭാഗത്ത്. അതേസമയം സങ്കടകരമെന്നു പറയട്ടെ, ഭാരതീയ മൂല്യങ്ങൾ എന്ന പേരിൽ സാംസ്കാരിക ഫാഷിസം അടിച്ചേൽപിക്കുന്ന മറ്റൊരു വിചാരധാരയെ ദേശീയപത്രങ്ങൾ മഷിചിന്തി ആഘോഷിക്കുന്നതും കാണാനാവും. ഭാരതീയനാരികളെ വിദേശി അപമാനിച്ചു എന്ന വാദമുന്നയിച്ചാണ് ഗെരെക്കെതിരെ ഒരു ‘ ആർഷ ഭാരതീയൻ’ കോടതിയിലെത്തിയത്. അയാളുടെ പരാതി സ്വീകരിച്ച ജഡ്ജിയും അത് ആഘോഷപൂർവം ചർച്ചയാക്കിയ ചാനലുകളും ദിവസങ്ങളോളം ഈ വിഷയത്തെ കുറിച്ച് ചർച്ച നടത്തിയ പത്രങ്ങളും ഇന്ത്യയെ ഫലത്തിൽ ഒരു വെള്ളരിക്കാപ്പട്ടണമായാണ് മാറ്റിയെടുത്തത്.

ചില കാര്യങ്ങൾ ശ്രദ്ധയിൽപെടുത്താതെ തരമില്ല. വിലാസവതികളായ നാരികളെ കണ്ടാൽ തലകുനിച്ചുപോകുന്ന പരസാത്വികരാണ് ഇന്ത്യക്കാരെന്ന് ഒരു മജിസ്ട്രേറ്റിന്റെ പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ ആരും തെറ്റിദ്ധരിക്കരുതല്ലോ. ലൈംഗികകലയുടെ അടിസ്ഥാന ഗ്രന്ഥമായ കാമസൂത്ര എഴുതിയത് സനാതനധർമത്തിൽ അടിയുറച്ചു വിശ്വസിച്ച വാത്സ്യായനൻ എന്ന ഇന്ത്യക്കാരനാണ് എന്നത് ഗെരെ അടക്കമുള്ളവർ മറക്കരുത്. ഒന്നും രണ്ടുമല്ല, 64 രൂപങ്ങളാണ് വാത്സ്യായന മുനി എഴുതിയിട്ടുള്ളത്. വിശദാംശങ്ങൾ ഖജുരാഹോവിലെയും മറ്റും ക്ഷേത്രങ്ങളിൽ വരച്ചുവെക്കപ്പെട്ടിട്ടുമുണ്ട്. പക്ഷേ അതിലൊന്നും തന്നെ ഒരു സ്ത്രീയെ ചുംബിക്കുന്ന ഒറ്റ ദൃശ്യം പോലും കാണിച്ചുതരാൻ കഴിയില്ല! വാത്സ്യായനൻ പറഞ്ഞിട്ടില്ലെങ്കിൽ, ഖജുരാഹോയിലെ ചിത്രങ്ങളിൽ ഇല്ലെങ്കിൽ ആ ഏർപ്പാട് ഇന്ത്യയിൽ പരസ്യമായി പാടില്ലെന്നു തന്നെയാണ് അർഥം. അതുകൊണ്ടുതന്നെയാണ് ഗെരെയുടെ പ്രവൃത്തി ഭാരതീയ സംസ്കാരത്തിന്റെ അളവുകോലനുസരിച്ച് കൊടിയ തെറ്റും നാരീസമൂഹത്തിന് ഇന്ത്യക്കാർ അനുവദിച്ച ആദരവിന് കഠോരമായ കളങ്കം ചാർത്തലുമായി മാറിയത്. ഭാരതീയ നാരീസങ്കൽപത്തെ ഉത്തരോത്തരം പുഷ്കലമാക്കുന്നതിനാണ് ബഹുമാനപ്പെട്ട മുൻസിഫ് അവർകൾ ഇക്കാര്യത്തിൽ അറസ്റ്റ് വാറണ്ട് അയച്ചതെന്ന കാര്യത്തിൽ ഇനിയാർക്കും സംശയം ഉണ്ടാവില്ലെന്ന് കരുതട്ടെ.

ഭാരതീയ സങ്കൽപമനുസരിച്ച് സർവംസഹയായ ദേവിയാണ് സ്ത്രീ. എങ്കിലും മതിയായ ജീവിതസൗകര്യം അവളുടെ പിതാവ് സ്ത്രീധനമായി ഉറപ്പു വരുത്തുന്നില്ലെങ്കിൽ അധികകാലം കഷ്ടപ്പെടുത്താതെ ചുട്ടുകൊല്ലുക, ഫാനിൽ കെട്ടിത്തൂക്കി കൊല്ലുക, മണ്ണെണ്ണയൊഴിച്ച് കത്തിക്കുക, ഭക്ഷണത്തിൽ ഫ്യൂറിഡാൻ കലക്കിക്കൊടുത്ത് കാലപുരിക്കയക്കുക മുതലായ സൽകൃത്യങ്ങൾ ലോകത്ത് മറ്റാരും അനുഷ്ഠിക്കുന്നുണ്ടാവില്ല. ഇതിഹാസത്തിലെ പാണ്ഡവന്മാരുടെ കാര്യം പോലെ അഞ്ചു പുരുഷന്മാർക്ക് ഒരു സ്ത്രീ എന്ന സ്വപ്നത്തിലേക്ക് എത്തിച്ചേരാൻ ഇന്ത്യയിലെ ജനങ്ങൾക്ക് ഒന്നോ രണ്ടോ തലമുറകളുടെ ഇടവേള കൂടിയേ ആവശ്യമുള്ളൂ. സ്ത്രീകളെ ഭൂമിയിലേക്ക് കൊണ്ടുവന്ന് കഷ്ടപ്പെടുത്താതെ സഹായിക്കുന്നതിന് അത്യന്താധുനിക സങ്കേതങ്ങളുടെ പോലും സഹായത്തോടെയാണ് ഇന്ത്യക്കാർ മുന്നേറുന്നത്. ഇപ്പോഴത്തെ പോക്കനുസരിച്ച് 20 വർഷം കൂടി കഴിഞ്ഞാൽ ദൽഹിയിൽ രണ്ട് പുരുഷന്മാർക്ക് ഒരു സ്ത്രീ വീതമേ ഉണ്ടാകൂ എന്ന സെൻസസ് റിപ്പോർട്ട് ഉദാഹരണം. ഇത്തരം നാരീകുലസേവകളിൽ ലവലേശവും താൽപര്യം കാണിക്കാതെ തികച്ചും ധിക്കാരപരമായി സ്ത്രീകളെ ചുംബിച്ചു നശിപ്പിക്കുകയാണ് ഗെരെ ചെയ്തത്.

മുംബൈയിലെ ആ പെയിന്റടിക്കാരൻ എം.എഫ് ഹുസൈന്റെ കാര്യവും ഇതുതന്നെയാണ്. ദൈവങ്ങളെ പോലും ടിയാൻ ഉടുതുണിയില്ലാതെയല്ലേ വരക്കുന്നത്! ദൈവങ്ങളിൽ ചിലരൊക്കെ തുണിയില്ലാതെ പ്രത്യക്ഷപ്പെട്ടിട്ടുണ്ടോ, ഇല്ലേ എന്നതൊക്കെ ചർച്ച നടത്താൻ ഇയാൾ ആരാണ്? കള്ളപ്പണം വെളുപ്പിച്ച കേസിൽ പിടിയിലായപ്പോൾ അയോധ്യയിലെ മുൻ എം.പി രാംവിലാസ് വേദാന്തി പറഞ്ഞതുതന്നെയാണ് ന്യായം; ഇസ്ലാംമതം ഹിന്ദുക്കൾക്കെതിരെ നടത്തുന്ന ഗൂഢാലോചനയുടെ ഭാഗമാണ് ഇതൊക്കെ. കള്ളപ്പണക്കേസ് റിപ്പോർട്ട് ചെയ്തത് ഒരു മുസ്ലിം ആയിരുന്നല്ലോ. അതായത് വെള്ളക്കാരനായ ഗെരെ ഇന്ത്യക്കാരിയെ ചുംബിക്കരുത്. മുസ്ലിമായ എം.എഫ് ഹുസൈൻ ദേവിയെ വരക്കരുത്. ഹിന്ദുക്കളുടെ കാര്യം റിപ്പോർട്ട് ചെയ്യാൻ മുസ്ലിം പത്രലേഖകർ മെനക്കെടരുത്. ആർക്കും എപ്പോഴും കോടതി കയറാവുന്ന പ്രശ്നങ്ങളാണ് ഇവയെന്ന് മേലിലെങ്കിലും ഹുസൈനും ഗെരെയുമൊക്കെ മനസ്സിലാക്കിവെച്ചാൽ നന്ന്.